# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


18.03.2017

**പത്രക്കുറിപ്പ്:**

# സാഹിത്യ അക്കാദമി കലാസാഹിത്യമത്സരങ്ങൾ

## കാവ്യകേളിക്കും പൊതുജനക്വിസിനും അപേക്ഷിക്കാം

കേരള സാഹിത്യ അക്കാദമി 2017 ഏപ്രിൽ 1 മുതൽ 10 വരെ തൃശൂരിൽ അക്കാദമി അങ്കണത്തിൽ സംഘടിപ്പിക്കുന്ന ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി സംസ്ഥാനതലത്തിൽ കാവ്യകേളി മത്സരവും (സ്കൂൾതലം, കോളേജ്തലം), പൊതുജനങ്ങൾക്കായി സാഹിത്യക്വിസ്സും സംഘടിപ്പിക്കുന്നു. കാവ്യകേളിമത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് 3000/-, 2000/-,1000/- രൂപ ക്യാഷ് അവാർഡും സാക്ഷ്യപത്രവും നൽകും.പൊതുജനങ്ങൾക്കായി സംഘടിപ്പിക്കുന്ന സാഹിത്യക്വിസിൽ(വ്യക്തിഗതം) പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് അക്കാദമിയുടെ സാക്ഷ്യപത്രവും പുസ്തകങ്ങളും സമ്മാനമായി നൽകും. ചിത്രരചനയ്ക്കും പകർന്നാട്ടത്തിനും ഒഴികെ എല്ലാ വിഭാഗത്തിലും 50 രൂപ രജിസ്ട്രേഷൻ ഫീ മത്സരത്തിന് മുമ്പ് കൗണ്ടറിൽ അടക്കേണ്ടതാണ്. **കാവ്യകേളിമത്സരം** (ഏപ്രിൽ 2 ഞായർ 10 മണി),**പൊതുജനക്വിസ്** (ഏപ്രിൽ 9 ഞായർ 2 മണി) എന്നീ തീയതികളിൽ നടക്കും.

**മറ്റു മത്സരങ്ങളുടെ തീയതിയും സമയവും: ചിത്രരചനാമത്സരം** (ഏപ്രിൽ 2 ഞായർ 2 മണി), **ലളിതഗാനമത്സരം** (ഏപ്രിൽ 3 തിങ്കൾ 10 മണി), **കവിതാലാപനമത്സരം** (ഏപ്രിൽ 4 ചൊവ്വ 10 മണി), **പ്രസംഗമത്സരം** (ഏപ്രിൽ 5 ബുധൻ 10 മണി), **സാഹിത്യക്വിസ്** (ഏപ്രിൽ 6 വ്യാഴം 10 മണി), **പകർന്നാട്ടം** (ഏപ്രിൽ 7 വെള്ളി 10 മണി), **പകർന്നാട്ടം**(ഏപ്രിൽ 8 ശനി 10 മണി), **അക്ഷരശ്ലോകസദസ്സ്** (ഏപ്രിൽ 9 ഞായർ 10 മണി-മത്സരമല്ല).

അപേക്ഷകൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രവും ഫോൺ നമ്പറും സഹിതം **2017 മാർച്ച് 27-നകം അക്കാദമി ആപ്പീസിൽ ലഭിച്ചിരിക്കണം.** അപേക്ഷകൾ അക്കാദമി വെബ് സൈറ്റിൽ (www.keralasahityaakademi.org) ലഭ്യമാണ്. **വിലാസം: സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ 680 020.** കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാനുള്ള ഫോൺ നമ്പറുകൾ: 0487 2331069, 9349020090, 9496897692

**ഡോ.കെ.പി.മോഹനൻ**

സെക്രട്ടറി

JM